(ബി) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT & C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടിയാണ് ഈ സഹായം ലഭ്യമാക്കിയത്. വിശദാംശങ്ങൾ (എ)യുടെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായുള്ള കമ്പ്യൂട്ടർവത്കരണം മുഖേന താഴെപ്പറയുന്ന മേഖലകളിലെ കാര്യക്ഷമത മെച്ചപ്പെടും

- ഉപഭോക്താക്കളുടെ മീറ്ററിംഗ്, ബില്ലിംഗ്, കളക്ഷൻ
- ബോർഡിനു വേണ്ടിയുള്ള സാധനസാമഗ്രികളുടെ വാങ്ങലും സൂക്ഷിക്കലും കൈകാര്യം ചെയ്യലും
- മാനവ വിഭവശേഷി നിർവ്വഹണം
- എനർജി ഓഡിറ്റിംഗ്
- കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം
- കേന്ദ്രീകൃത അക്കൗണ്ടിംഗ് സംവിധാനം.

പുതിയ ഗാർഹിക കണക്ഷൻ അടയ്ക്കേണ്ട തുക

19 (7855) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വീടുകൾ പൊളിച്ചുമാറ്റി അതേ പ്ലോട്ടിൽ അതേ ഉടമ തന്നെ പുതിയ വീട് പണിയുമ്പോൾ കറന്റ് കണക്ഷൻ ലഭിക്കുവാൻ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര തുകയാണ് കണക്ഷൻ മാറ്റി ലഭിക്കുന്നതിന് ഉപഭോക്താവ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പവർ പോയിന്റുകളുടെ എണ്ണം മാറ്റാതെ പുതിയ വീടിന് വയറിംഗ് നടത്തിയാൽ തുക അയ്യായിരത്തിൽ നിന്ന് ഉപഭോക്താവിനെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014 ഏപ്രിൽ 1-ന് നിലവിൽവന്ന ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ന്റെ വ്യവസ്ഥ 43 പ്രകാരം നിലവിലുള്ള കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയവ പണിയുമ്പോൾ, നിലവിലുള്ള ഇലക്ട്രിക് കണക്ഷൻ അഴിച്ചുമാറ്റേണ്ടതും പ്രസ്തുത കണക്ഷനുവേണ്ടി ഉപഭോക്താവ് വൈദ്യുതി ബോർഡുമായി ഏർപ്പെട്ടിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉടമ്പടി അവസാനിപ്പിച്ച് അന്നുവരെയുള്ള കുടിശ്ശിക തീർത്തു നൽകേണ്ടതുമാണ്. തുടർന്ന് ഉപഭോക്താവിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കുടിശ്ശിക തീർത്ത് തുക തിരികെ നൽകേണ്ടതാണെന്നും നിലവിലുണ്ടായിരുന്ന കണക്ഷനിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കണക്ഷൻ നൽകരുതെന്നും പ്രസ്തുത വ്യവസ്ഥ അനുശാസിക്കുന്നു. പുതിയ താൽക്കാലിക കണക്ഷൻ ആവശ്യമായപക്ഷം ഉപഭോക്താവിന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകാവുന്നതാണെന്നും പണി പൂർത്തിയായ കെട്ടിടത്തിന് നിലവിലെ കുടിശ്ശിക തീർത്ത് പുതിയ കണക്ഷൻ നേടേണ്ടതാണെന്നും ടി വ്യവസ്ഥ നിഷ്കർഷിക്കുന്നു. എന്നാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളെ മേൽപ്പറഞ്ഞ ഉപാധികളിൽനിന്നും വ്യവസ്ഥ 43(5) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷന്റെ സ്വഭാവമനുസരിച്ചും ഓരോ കണക്ഷനും ആവശ്യമായി വരുന്ന സാധനസാമഗ്രികളുടെയും അടിസ്ഥാനത്തിലുമാണ് തുക നിശ്ചയിക്കപ്പെടുന്നത്.

(സി) ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ന്റെ വ്യവസ്ഥ 43 അനുസരിച്ചാണ് നിലവിലെ കെട്ടിടം പൊളിച്ച് പുതിയവ പണിയുമ്പോൾ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയിൽ പവർ പോയിന്റുകളുടെ എണ്ണവുമായി ബന്ധപ്പെട്ടുള്ള യാതൊരു പരാമർശവും ഇല്ല. നിലവിലുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

പുതിയ വൈദ്യുത പദ്ധതികൾ

20 (7856) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ശരാശരി വൈദ്യുതിയും കേന്ദ്രവിഹിതവും ചേർത്താൽ നമ്മുടെ ഉപഭോഗത്തിന് ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമാണോ യെന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ എത്ര മെഗാവാട്ടിന്റെ കുറവാണ് ഉള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി പുതിയ വൈദ്യുതി പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി പ്രതിസന്ധി സ്ഥായിയായി ഇല്ലാതാക്കാൻ ദീർഘവീക്ഷണ ത്തോടെയുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?